# India and France hold Strategic Dialogue

January 08, 2021

---

## ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള നയതന്ത്ര ചർച്ച

ജനുവരി 08, 2021

ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള വാർഷിക നയതന്ത്ര ചർച്ച 2021 ജനുവരി 7 ന് ന്യൂ ഡൽഹിയിൽ വച്ച നടന്നു.രാഷ്ട്രീയ സുരക്ഷാ ഉപദേഷ്ടാവായ ശ്രീ അജിത് ഡോവൽ ഇന്ത്യൻ വിഭാഗത്തെയും ഫ്രഞ്ച് പ്രസിഡന്റിന്റെ നയതന്ത്ര ഉപദേഷ്ടാവായ ശ്രീ ഇമ്മാനുവൽ ബോണേ ഫ്രഞ്ച് വിഭാഗത്തെയും നയിച്ചു.

തീവ്രവാദ പ്രതിരോധം, സൈബർ സുരക്ഷ, പ്രതിരോധസഹകരണം, നാവിക സുരക്ഷ, പ്രാദേശികവും ആഗോളവുമായ പ്രശ്നങ്ങൾ കൂടാതെ ഇൻഡോ പസഫിക് പ്രവിശ്യയിലെ സഹകരണം എന്നിവ ഉൾപ്പടെയുള്ള വിവിധ വിഷയങ്ങൾ ഇരു വിഭാഗങ്ങളും ചർച്ച ചെയ്തു. ഇന്ത്യ -ഫ്രാൻസ് നയതന്ത്ര ബന്ധത്തിന് തങ്ങൾ നൽകുന്ന ഉയർന്ന പിന്തുണയെ കുറിച്ച് ഇരു വിഭാഗങ്ങളും ഉറപ്പു നൽകി കൂടാതെ ഇരു രാജ്യങ്ങളും തമ്മിലുള്ള കാഴ്ചപ്പാടുകളിലുള്ള ഐക്യം ചൂണ്ടിക്കാണിക്കുകയും ചെയ്തു.

ചർച്ചയ്ക്കു ശേഷം,പ്രധാനമന്ത്രി, പ്രതിരോധമന്ത്രി വിദേശകാര്യമന്ത്രി കൂടാതെ വിദേശകാര്യ സെക്രട്ടറി എന്നിവരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു. കൂടാതെ വിവേകാനന്ദ അന്താരാഷ്ട്ര ഫൗണ്ടേഷനിൽ "ഫ്രാൻസും ഇന്ത്യയും:സ്ഥിരതയും സമൃദ്ധിയുമുള്ള ഇൻഡോ -പസഫിക് പ്രവിശ്യയുടെ പങ്കാളികൾ" എന്ന വിഷയത്തിൽ അഭിസംബോധന ചെയ്യുകയും ചെയ്തു.

**ന്യൂ ഡൽഹി,**

**08 ജനുവരി, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.